## കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒഴിവുകൾ

257 (1553) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽ എത്ര എഞ്ചിനീയർ/ഓഫീസ് ജീവനക്കാരുടെ ഒഴിവുകളുണ്ട് ; വ്യക്തമാക്കുമോ ?

### ഉത്തരം

കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം ഓഫീസുകളിലെ ജീവനക്കാരുടെ ഒഴിവുകൾ താഴെ കൊടുക്കുന്നു.

| തസ്തിക | ഒഴിവുകൾ |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 12 |
| ജൂനിയർ സൂപ്രണ്ട് | 1 |
| പ്യൂൺ | 2 |
| ഓവർസീയർ | 35 |
| ആകെ | 50 |

## സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം

258 (1554) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ പഞ്ചായത്തുകൾവഴി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഗ്രാമപഞ്ചായത്തുകൾ പ്രോജക്ട് തയ്യാറാക്കുന്നതിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ?

### ഉത്തരം

(എ) ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly